ഉത്തരം

(എ) 1998-ൽ.

(ബി) സാക്ഷരതാ ക്ലാസുകൾ 4, 7, 10 തുല്യതാ ക്ലാസുകൾ, വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണനിലവാര വർദ്ധക പരിപാടികൾ എന്നിവയാണ് സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) & (ഡി) തുടർ വിദ്യാഭ്യാസ പദ്ധതി അനുസരിച്ച് പദ്ധതി നടത്തിപ്പിന്റെ ആദ്യത്തെ മൂന്ന് വർഷം പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയും നാല്, അഞ്ച് വർഷങ്ങളിൽ 50:50 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഇ) സംസ്ഥാന വിഹിതമായി 2004-2005-ലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) 4000 പ്രേരക്മാരും 4000 അസിസ്റ്റന്റ് പ്രേരക്മാരും അടക്കം 8000 പ്രേരക്മാരുണ്ട്.

(ജി) തുടർ/വികസന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല പ്രേരക്മാർക്കാണ്. വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ തുല്യതാ ക്ലാസുകളുടെ നടത്തിപ്പിന്റെ ചുമതലയാണ് അസിസ്റ്റന്റ് പ്രേരക്മാർക്കുള്ളത്.

(എച്ച്) വികസന വിദ്യാകേന്ദ്രത്തിലെ പ്രേരകിന് 1200 രൂപയും അസിസ്റ്റന്റ് പ്രേരകിന് 700 രൂപയും തുടർ വിദ്യാകേന്ദ്രത്തിലെ പ്രേരകിന് 700 രൂപയും അസിസ്റ്റന്റ് പ്രേരകിന് 500 രൂപയുമാണ് ഓണറേറിയമായി നൽകുന്നത്. ഇതിനു പുറമേ അർഹമായ യാത്രാപ്പടിയും നൽകുന്നുണ്ട്.

(ഐ) 2004 ഡിസംബർ വരെയുള്ള ഓണറേറിയം നൽകിക്കഴിഞ്ഞിട്ടുണ്ട്. കുടിശ്ശിക തുക ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ജെ) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് നിലവിലുള്ള ഓണറേറിയം നിശ്ചയിച്ച സാക്ഷരതാമിഷനാണ്.

(കെ) യഥാർത്ഥ യാത്രാച്ചെലവ് ഇപ്പോൾത്തന്നെ നൽകുന്നുണ്ട്.

സാക്ഷരതാ പ്രേരക്മാരുടെ അലവൻസ്

116 [3100] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സാക്ഷരതാ പ്രേരക്മാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാക്ഷരതാ പ്രേരക്മാർക്ക് ഇപ്പോൾ നൽകിവരുന്ന അലവൻസ് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇവർക്ക് അലവൻസ് കൊടുത്തുതീർക്കാൻ ബാക്കിയുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര രൂപ വീതമാണ് കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് നൽകുന്നതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കുടിശ്ശിക തുക അടിയന്തിരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4000 പ്രേരക്മാരും 4000 അസിസ്റ്റന്റ് പ്രേരക്മാരും അടക്കം 8000 പേർ.

(ബി) വികസന വിദ്യാകേന്ദ്രം പ്രേരക്മാർക്ക് 1200 രൂപയും അസിസ്റ്റന്റ് പ്രേരക്മാർക്ക് 700 രൂപയും തുടർ വിദ്യാകേന്ദ്രം പ്രേരക്മാർക്ക് 700 രൂപയും തുടർ വിദ്യാകേന്ദ്രം അസിസ്റ്റന്റ് പ്രേരക്മാർക്ക് 500 രൂപയും പ്രതിമാസം ഓണറേറിയമായി നൽകിവരുന്നു.

(സി) ഉണ്ട്. കൃത്യമായ കണക്കുകൾ ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ഡി) & (ഇ) ഫണ്ടിന്റെ കുറവാണ് കുടിശ്ശിക നൽകാനുള്ള തടസ്സം. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ +2 കോഴ്സിന് അഡീഷണൽ ബാച്ച്

117 [3101] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ +2 കോഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly